# മോദി സർക്കാർ ദിനങ്ങൾ എണ്ണപ്പെട്ടു

## ചാരുംമൂട് ജോസ്

വാഗ്ദാനപ്പെരുമയുമായി ഭൂരിപക്ഷം സീറ്റുകൾ നേടി അധികാരത്തിലേറിയ ബിജെപി യുടെയും പ്രധാനമന്ത്രി മോഡിയുടെയും ദിനങ്ങൾ എണ്ണപ്പെട്ടു തുടങ്ങി.

1. വിദേശനിക്ഷേപം : അനധികൃത വിദേശനിക്ഷേപം മടക്കിക്കൊണ്ടുവന്നു ഓരോ ഇന്ത്യൻ പൗര ന്റെയും ബാങ്കിൽ 15 ലക്ഷം വീതം നിക്ഷേപിക്കുമെന്നു വാഗ്ദാനം ചെയ്തു ജനങ്ങളെ ഹാലി ളക്കി അധികാരത്തിൽ കയറിയിട്ട് ഇതു പാലിച്ചില്ല എന്നു മാത്രമല്ല മറിച്ച് ഓരോ ഇന്ത്യൻ പൗര ന്റെയും അവകാശപ്പെട്ട ഇന്ത്യൻ ബാങ്കുകളെ കൊള്ളയടിച്ച് സ്വന്തം ബന്ധക്കാരും കൂട്ടുകാരും നാടുവിട്ടപ്പോൾ ഏകദേശം ഓരോ പൗരനും 20 ലക്ഷം രൂപ വീതം ബാങ്കിലടക്കാമായിരുന്ന തുക ലക്ഷക്കണക്കിനു കോടി എഴുതിത്തള്ളിയ പ്രധാനമന്ത്രി രാജ്യദ്രോഹിയാണ്. ഇന്ത്യൻ ജനതയോ ടുള്ള പരസ്യമായ വെല്ലുവിളിയാണ് മോദി നടത്തിയത്.

2. 135 കോടി ജനങ്ങൾ 65% പേരും 35 വയസ്സിനു താഴെയുള്ള അഭ്യസ്ഥവിദ്യരായ യുവജനങ്ങളെ യാണ് ഓരോ വർഷവും ഓരോ കോടി വീതം പുതിയ തൊഴിൽ വാഗ്ദാനം ചെയ്തു വോട്ടു നേടി അധികാരത്തിലെത്തിയത്. ആകെ 6 ലക്ഷം പേർക്കാണ് പുതുതായി തൊഴിൽ ലഭിച്ചത്. ലോക ത്തിന്റെ തന്ന തൊഴിൽ കേന്ദ്രം ഇന്ത്യയാക്കി മാറ്റുമെന്ന കാഹളനാദം മുഴക്കി അധികാരം പിടിച്ച പോദി യുവജനങ്ങളെ വഞ്ചിക്കുകയായിരുന്നു.

3. കാർഷികമേഖല തരിപ്പണമാക്കി രാജ്യത്തിന്റെ നട്ടെല്ലായ കർഷകമേഖലയെ ഉയർത്തും, കർഷ കരുടെ വരുമാനം ഇരട്ടിയാക്കും, കാർഷിക കടങ്ങൾ എഴുതിത്തള്ളും, സബ്സിഡികൾ ഇരട്ടിയാക്കും, ഉൽപ്പന്നങ്ങളുടെ താങ്ങുവില ഇരട്ടിയാക്കുമെന്നും മറ്റുമുള്ള മോഹനവാഗ്ദാനങ്ങൾ ചെയ്തു അധികാരത്തിൽ കയറിയ മോദി കർഷകരെ അതിക്രൂരമായി ചതിച്ചുകളഞ്ഞു. ഒരു വാഗ്ദാനം പോലും നിറവേറിയില്ല. മറിച്ചു വിദേശത്തു നിന്നും ധാന്യങ്ങളും പാലും ഇറക്കുമതി ചെയ്തു കർഷകർ കൂട്ടത്തോടെ ആത്മഹത്യ ചെയ്തു തുടങ്ങി. 2016-ൽ മാത്രം 1 ലക്ഷത്തില ധികം കർഷകർ ആത്മഹത്യ ചെയ്തു. കൂനിന്മേൽ കുരു എന്ന പോലെ Demonitisation-ഉം അതിനു പിന്നാലെ GST-യും ഏർപ്പെടുത്തി ബാക്കി വരുന്ന കർഷകരെയും കുത്തുപാളയെടുപ്പിച്ചു. മുട ക്കുമുതലിന്റെ പകുതി കിട്ടാതെ കർഷകർ വലയുകയാണ്. ഇക്കൂട്ടർ ഉണർന്നു കഴിഞ്ഞു. മോദി യുടെ പതനം കാണാതെ ഇവർക്ക് വിശ്രമമില്ല.

4. കുത്തക മുതലാളിമാരുടെ ദല്ലാളായി പ്രവർത്തിക്കുന്ന പ്രധാനമന്ത്രി അംബാനിയുടെ ബ്രാന്റ് അംബാസിഡറായി പ്രവർത്തിക്കുകയാണ്. കോർപ്പറേറ്റുകളുടെ ഇംഗിതത്തിന് ഒത്ത് പൊതുമേഖ ലയെ നശിപ്പിച്ചു തൂത്തെറിയുന്ന കാഴ്ച ഇന്ത്യയിലെ ഓരോ പൗരനും നിസ്സംഗതയോടെ വീക്ഷി ക്കുകയാണ്.

ജനാധിപത്യത്തിന് അപമാനമായി മോദി സ്വേഛാദിപതിയെപ്പോലെ പെരുമാറുകയാണ്. നീതിന്യായ വ്യവസ്ഥയെപ്പോലും അട്ടിമറിച്ചിരിക്കുകയാണ് ന്യൂനപക്ഷങ്ങൾക്കും സ്ത്രീകൾക്കും പിഞ്ചുകുഞ്ഞുങ്ങൾക്കു പോലും ജീവിക്കാനുള്ള അവകാശം നിഷേധിക്കപ്പെടുന്ന കാഴ്ച ഇന്ത്യ യൊട്ടാകെ നിലനിൽക്കുന്നു.

5. നിയമവാഴ്ച രാജ്യത്ത് ഇല്ലാതായിരിക്കുന്നു. മതത്തിന്റെയും മൃഗത്തിന്റെയും പേരിൽ മനുഷ്യ ക്കുരുതി നടക്കുന്നു. കാർസേനക് ഗുണ്ടകൾ, ഗർവാപ്പസി സേനകൾ, സ്വയം സേവക ഗുണ്ടകൾ, കാവിവസ്ത്ര കോമരങ്ങൾ ഇന്ത്യയുടെ ജനാധിപത്യമൂല്യങ്ങളെ കാർന്നു തിന്നുന്ന കാഴ്ച ഇന്ത്യൻ ജനതയെ പരിഭ്രാന്തിയിലാക്കിയിരിക്കുകയാണ്.

6. ആരോഗ്യപരിപാലനം അമ്പേ താറുമാറായി ലോകരാഷ്ട്രങ്ങളിൽ ഇന്ത്യ 162-ാം സ്ഥാനത്തി നായി നാണിച്ചു തഴതാഴ്ത്തി നില്ക്കുന്നു. ശുദ്ധജലം, കുടിവെള്ളം ലഭിക്കാതെ ജനം വലയു മ്പോൾ സ്വച്ച് ഭാരത്, ക്ലീൻ ഗംഗാ എന്ന പേരിൽ ലക്ഷക്കണക്കിന് കോടി രൂപയുടെ അഴിമതി നടത്തി ജനങ്ങളെ വഞ്ചിക്കുന്നു. ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വലിയ വിലക്കയറ്റം നിത്യോ പയോഗ സാധനങ്ങളുടെ അമിതമായ വിലവർദ്ധന പൊതുജനം മരിച്ച വീഴുന്നു. കോർപ്പറേറ്റു കൾ കീശ വീർപ്പിക്കുന്നു.

7. പ്രധാനമന്ത്രി കോടികൾ മുടക്കി വിദേശത്തു സഞ്ചരിച്ച് സ്വയം പുകഴ്ത്തി നടക്കുന്നു. പ്രശ്ന ങ്ങൾ ചർച്ച ചെയ്യാനോ, പാർലമെന്റിൽ ജനപ്രതിനിധികളെ അഭിസംബോധന ചെയ്യാനോ, മാധ്യ മങ്ങളോടു സംസാരിക്കാനോ കൂട്ടാക്കാതെ ഏകാതിപതിയായി നടക്കണം എവിടെയെങ്കിലും ഉഫ തിരഞ്ഞെടുപ്പു നടന്നാൽ അവിടെ പ്രത്യക്ഷപ്പെട്ടു. ഗീർവാണങ്ങൾ അടിക്കാൻ സമയം ചിലവഴി ക്കാൻ മടിയില്ലാത്ത മോദിയുടെ കിരാത ഭരണം അവസാനിക്കാറായി. ചരിത്രത്തിന്റെ താളുകളിൽ നിന്നു മോദിയെ പറിച്ചു നീക്കാൻ ജനം തയ്യാറെടുപ്പു തുടങ്ങി ഇതിന്റെ മാറ്റൊലി മുഴങ്ങി തുട ങ്ങി. ജനാധിപത്യവും മതേതരത്വവും  കാത്തുസൂക്ഷിക്കുവാൻ കോൺഗ്രസ് വിശാല മുന്നണി ഒ രുങ്ങിത്തുടങ്ങി.

'JAI HIND'

*********************